പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6329 08.07.2014 ലെ മറുപടിക്ക്

# കൊല്ലം ജില്ലയിലെ പോലീസ് കൺട്രോൾ റൂം - സ്റ്റാഫ് പാറ്റേൺ

| ചോദ്യം<br>ശ്രീ. ജി.എസ്.ജയലാൽ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) കൊല്ലം സിറ്റിയിൽ പോലീസ് കൺട്രോൾ റൂം ആരംഭിച്ചത് എന്നാണ്; സിറ്റി പോലീസ് കൺട്രോൾ റൂം പ്രവർത്തിക്കുന്നതിലേക്ക് തീരുമാനിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) 18.01.2008 ലാണ് കൊല്ലം സിറ്റിയിലെ പോലീസ് കൺട്രോൾ റൂം ആരംഭിച്ചത്. ഇവിടെ അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു.<br>എസ്.ഐ - 6<br>എ.എസ്.ഐ - 1<br>എസ്.സി.പി.ഒ - 23<br>സി.പി.ഒ - 15 |
| ബി) നിലവിൽ പ്രസ്തുത ഓഫീസിൽ എത്ര അനുവദനീയ തസ്തികകൾ ഉണ്ടെന്നും, ആയതിൽ ഏതൊക്കെ വിഭാഗം ജീവനക്കാരാണെന്നും അറിയിക്കുമോ; | ബി). ഉത്തരം (എ) യിൽപ്പറയുന്ന തസ്തികകളാണ് . അനുവദനീയമായിട്ടുള്ളത്. എന്നാൽ പ്രസ്തുത കൺട്രോൾ റൂമിൽ 3 ഷിഫ്റ്റുകളായി പ്രവർത്തിക്കാൻ ടി സ്റ്റാഫ് പാറ്റേൺ ഉപയോഗിച്ച് സാധ്യമല്ല എന്നതിൻെറ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അധിക ഉദ്യോഗസ്ഥരെ എ.ആർ. ക്യാമ്പിൽ നിന്നും അടുത്ത പോലീസ് സ്റ്റേഷനിൽ നിന്നും അറ്റാച്ച് ചെയ്ത് ഡ്യൂട്ടി നോക്കി വരികയാണ്. എസ്.ഐ-1, എസ്.സി.പി.ഒ-10, സി.പി.ഒ-14, വനിതാ സി.പി.ഒ-1. എന്നാൽ എ.എസ്ഐയുടെ ഒരു ഒഴിവ് നിലവിലുണ്ട്. |
| സി) സംസ്ഥാനത്തെ സിറ്റി പോലീസ് കൺട്രോൾ റൂമിൽ ഉള്ളതുപോലെ കൂടുതൽ തസ്തികകൾ അനുവദിച്ച് ഓഫീസിന്റെ പ്രവർത്തനം സജ്ജമാക്കുവാൻ ശ്രദ്ധിക്കുമോ? | സി) ശ്രദ്ധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ